# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 957 — 01/03/2017 -ൽ മറുപടിക്ക്

# ചെറുകിടജലവിതരണ, ജലനിധി പദ്ധതികൾ പുനരാരംഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോർജ്ജ് എം.തോമസ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ചെറുകിടജലവിതരണ പദ്ധതികൾ (കെ.ഡബ്ല്യൂ.എ മുഖേനയുള്ളതും ജലനിധിയിൽ പൂർത്തീകരിച്ചതും) മെയിന്റനൻസ് നടത്താത്തതിനാൽ മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) കേരള വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ ജലനിധിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതികൾ പ്രവർത്തനവും പരിപാലനവും നടത്തിയിരുന്ന ഏതാനും കുടിവെള്ള പദ്ധതികൾ മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് പുനരാരംഭിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ; | (ബി) ജലനിധി പദ്ധതികൾ പൂർത്തീകരിച്ച് പഞ്ചായത്തുമായി വിട്ടുതൽ ചെയ്തു കഴിഞ്ഞാൽ പദ്ധതിയുടെ പ്രവർത്തനവും പരിപാലനവും അതാത് ഗുണഭോക്തൃ സമിതികളുടെ ചുമതലയാണ്. ആയതിനാൽ മെയിന്റനൻസിന് ആവശ്യമായ തുക കണ്ടെത്താൻ ഗുണഭോക്തൃ സമിതികൾക്ക് കഴിയാത്ത സാഹചര്യങ്ങളിലാണ് ടി പദ്ധതികൾ പുനരുദ്ധരിക്കാൻ സാധിക്കാത്തത്. |
| (സി) രൂക്ഷമായ വരൾച്ച കണക്കിലെടുത്ത് ജലനിധി പദ്ധതികൾ കൂടി പുനഃസ്ഥാപിക്കുന്നതിനും പുനരാരംഭിക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) പ്രവർത്തനം നിലച്ച പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിന് ഒന്നാം ഘട്ടത്തിൽ ജലനിധി പദ്ധതിയിൽ അവശേഷിക്കുന്ന തുക വിനിയോഗിക്കുന്നത് സംബന്ധിച്ച ആവശ്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/